**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1152** **31-01-2024 - ൽ മറുപടിയ്ക്ക്**

**കൂട് മത്സ്യകൃഷി പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ ജലസംഭരണികളിൽ നടപ്പാക്കിവരുന്ന കൂട് മത്സ്യകൃഷി പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. പ്രധാനമന്ത്രി മത്സ്യസമ്പദ യോജന (പി.എം.എം.എസ്.വൈ) പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 സാമ്പത്തിക വർഷം "പാർട്ടിസിപ്പേറ്ററി ഇൻറ്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഫിഷറീസ് ഇൻ സെലക്ടഡ് റിസർവോയേഴ്സ് ഓഫ് കേരള ഫേസ് I" എന്ന പദ്ധതി പ്രകാരം വയനാട് ജില്ലയിലെ ബാണാസുരസാഗർ, കാരാപ്പുഴ, പത്തനംതിട്ട ജില്ലയിലെ കക്കി, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി എന്നീ 4 ജലസംഭരണികളിലായി ആകെ 400 മത്സ്യകൂട്(6x4x4M) കൃഷിയ്ക്കായി 16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) പദ്ധതിയിൽ ഉൾപ്പെടുത്തി ബാണാസുരസാഗർ റിസർവോയറിൽ 90 കേജുകളിൽ (6x4x4M) കൂട് മത്സ്യകൃഷി നടപ്പിലാക്കി വരുന്നു. അഡാക്ക് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ പുരോഗതി ജില്ലാതലത്തിൽ ഫിഷറീസ് ഡയറക്ടറും സംസ്ഥാനതലത്തിൽ സർക്കാരും അവലോകനം നടത്തുന്നുണ്ട്. പി.എം.എം.എസ്.വൈ.-ൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കി വരുന്ന റിസർവോയറുകളായ പെരുവണ്ണാമുഴിയിൽ നിന്നും നാളിതുവരെ 21.2 ടൺ മത്സ്യവിൽപനയിലൂടെ 42.16 ലക്ഷം രൂപയും, കാരാപ്പുഴ റിസർവോയറിൽ നിന്നും 23.56 ടൺ മത്സ്യ വില്പനയിലൂടെ 36.48 ലക്ഷം രൂപയും ബാണാസുരസാഗർ റിസർവോയറിൽ നിന്നും 20.41 ടൺ മത്സ്യവില്പനയിലൂടെ 33.85 ലക്ഷം രൂപയും, ആർ.കെ.ഐ പദ്ധതി പ്രകാരം ബാണാസുരസാഗർ റിസർവോയറിൽ നിന്നും 32.87 ടൺ മത്സ്യ വിൽപനയിലൂടെ 61.83 ലക്ഷം രൂപയും വരുമാനം ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നിലവിൽ പി.എം.എം.എസ്.വൈ പദ്ധതി പ്രകാരം പെരുവണ്ണാമൂഴി റിസർവോയറിൽ 3.63ലക്ഷവും, കാരാപ്പുഴയിൽ 3.07 ലക്ഷവും, ബാണാസുരസാഗർ റിസർവോയറിൽ 1.554 ലക്ഷവും മത്സ്യകുഞ്ഞുങ്ങളെയും ആർ.കെ.ഐ പദ്ധതി പ്രകാരം ബാണാസുരസാഗർ റിസർവോയറിൽ 2.67 ലക്ഷം മത്സ്യങ്ങളെയും നിക്ഷേപിച്ച് പരിപാലിച്ചു വരുന്നു. കക്കി റിസർവോയറിൽ നിക്ഷേപിച്ച മത്സ്യകുഞ്ഞുങ്ങൾക്ക് രോഗബാധ ഉണ്ടായതിനെ തുടർന്ന് 97% ത്തോളം മത്സ്യം ചത്ത് പോയതിനാൽ 389 കി.ഗ്രാം മത്സ്യം മാത്രമാണ് വിപണനം നടത്താനായത്. |
| (ബി) | വിവിധ ജില്ലകളിൽ നടപ്പിലാക്കിയ ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | ഉണ്ട്. പ്രധാനമന്ത്രി മത്സ്യസമ്പദ യോജന (പി.എം.എം.എസ്.വൈ) പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 സാമ്പത്തിക വർഷം "പാർട്ടിസിപ്പേറ്ററി ഇൻറ്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഫിഷറീസ് ഇൻ സെലക്ടഡ് റിസർവോയേഴ്സ് ഓഫ് കേരള ഫേസ് I" എന്ന പദ്ധതി പ്രകാരം വയനാട് ജില്ലയിലെ ബാണാസുരസാഗർ, കാരാപ്പുഴ, പത്തനംതിട്ട ജില്ലയിലെ കക്കി, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി എന്നീ 4 ജലസംഭരണികളിലായി ആകെ 400 മത്സ്യകൂട്(6x4x4M) കൃഷിയ്ക്കായി 16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) പദ്ധതിയിൽ ഉൾപ്പെടുത്തി ബാണാസുരസാഗർ റിസർവോയറിൽ 90 കേജുകളിൽ (6x4x4M) കൂട് മത്സ്യകൃഷി നടപ്പിലാക്കി വരുന്നു. അഡാക്ക് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ പുരോഗതി ജില്ലാതലത്തിൽ ഫിഷറീസ് ഡയറക്ടറും സംസ്ഥാനതലത്തിൽ സർക്കാരും അവലോകനം നടത്തുന്നുണ്ട്. പി.എം.എം.എസ്.വൈ.-ൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കി വരുന്ന റിസർവോയറുകളായ പെരുവണ്ണാമൂഴിയിൽ നിന്നും നാളിതുവരെ 21.2 ടൺ മത്സ്യവിൽപനയിലൂടെ 42.16 ലക്ഷം രൂപയും, കാരാപ്പുഴ റിസർവോയറിൽ നിന്നും 23.56 ടൺ മത്സ്യ വില്പനയിലൂടെ 36.48 ലക്ഷം രൂപയും ബാണാസുരസാഗർ റിസർവോയറിൽ നിന്നും 20.41 ടൺ മത്സ്യവില്പനയിലൂടെ 33.85 ലക്ഷം രൂപയും, ആർ.കെ.ഐ പദ്ധതി പ്രകാരം ബാണാസുരസാഗർ റിസർവോയറിൽ നിന്നും 32.87 ടൺ മത്സ്യ വിൽപനയിലൂടെ 61.83 ലക്ഷം രൂപയും വരുമാനം ലഭിച്ചിട്ടുണ്ട്.<br><br>നിലവിൽ പി.എം.എം.എസ്.വൈ പദ്ധതി പ്രകാരം പെരുവണ്ണാമൂഴി റിസർവോയറിൽ 3.63ലക്ഷവും, |

| | | | |
|---|---|---|---|
| | | | കാരാപ്പുഴയിൽ 3.07 ലക്ഷവും, ബാണാസുരസാഗർ റിസർവോയറിൽ 1.554 ലക്ഷവും മത്സ്യകുഞ്ഞുങ്ങളെയും ആർ.കെ.ഐ പദ്ധതി പ്രകാരം ബാണാസുരസാഗർ റിസർവോയറിൽ 2.67 ലക്ഷം മത്സ്യങ്ങളെയും നിക്ഷേപിച്ച് പരിപാലിച്ചു വരുന്നു. കക്കി റിസർവോയറിൽ നിക്ഷേപിച്ച മത്സ്യകുഞ്ഞുങ്ങൾക്ക് രോഗബാധ ഉണ്ടായതിനെ തുടർന്ന് 97% ത്തോളം മത്സ്യം ചത്ത് പോയതിനാൽ 389 കി.ഗ്രാം മത്സ്യം മാത്രമാണ് വിപണനം നടത്താനായത്. |
| (സി) | പ്രസ്തുത പദ്ധതി കൂടുതൽ ജലസംഭരണികളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (സി) | പദ്ധതി കൂടുതൽ ജലസംഭരണികളിലേക്ക് വ്യപിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി "പാർട്ടിസിപ്പേറ്ററി ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഫിഷറീസ് ഇൻ സെലക്ടഡ് റിസർവോയേഴ്സ് ഓഫ് കേരള ഫേസ് II"എന്ന പദ്ധതി പ്രകാരം നെയ്യാർ, ഇടുക്കി ,പീച്ചി ജലസംഭരണികളിൽ മത്സ്യ കൂട് കൃഷിയ്ക്കായി 10.81 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ